**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4495** **19-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രക്കുളങ്ങൾ നവീകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിനും മോടി പിടിപ്പിക്കുന്നതിനുമായി നടപ്പ് സാമ്പത്തികവർഷം എത്ര തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള കാവുകൾ, കുളങ്ങൾ ആൽത്തറകൾ എന്നിവയുടെ പുനരുദ്ധാരണത്തിന് 2250-00-103-80 - NV എന്ന ശീർഷകത്തിൽ ഓരോ സാമ്പത്തിക വർഷവും 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തുന്നത്. ടി. തുക, 20.05.2017 ലെ 107/ദേവ-2/2017/റവ നമ്പർ സർക്കുലർ പ്രകാരം ദേവസ്വം ബോർഡുകൾ ലഭ്യമാക്കുന്ന ശിപാർശകൾ പരിശോധിച്ച് അർഹതപ്പെട്ട ദേവസ്വം ബോർഡുകൾക്ക് വിഭജിച്ച് നൽകുകയാണ് ചെയ്യുന്നത്.<br><br>ടി പദ്ധതിയിലുൾപ്പെടുത്തി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തിരുവനന്തപുരം, മാവേലിക്കര, കോട്ടയം എന്നീ ഡിവിഷനുകളിൽപ്പെട്ട 13 ദേവസ്വങ്ങളിലെ ക്ഷേത്രക്കുളങ്ങളുടെ നവീകരണത്തിനായി 5,12,16,000/- രൂപയുടെ പ്രൊപ്പോസൽ 2020-21 സാമ്പത്തിക വർഷം തിരുവിതാംകൂർ ദേവസ്വം ബോർഡ് ലഭ്യമാക്കിയിരുന്നു. സംസ്ഥാനത്തിന്റെ അന്നത്തെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത ശിപാർശ പരിഗണിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | അത്തരത്തിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടെങ്കിൽ ഏതെല്ലാം ക്ഷേത്രങ്ങളിലെ കുളങ്ങളാണ് നവീകരിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള കാവുകൾ, കുളങ്ങൾ ആൽത്തറകൾ എന്നിവയുടെ പുനരുദ്ധാരണത്തിന് 2250-00-103-80 - NV എന്ന ശീർഷകത്തിൽ ഓരോ സാമ്പത്തിക വർഷവും 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തുന്നത്. ടി. തുക, 20.05.2017 ലെ 107/ദേവ-2/2017/റവ നമ്പർ സർക്കുലർ പ്രകാരം ദേവസ്വം ബോർഡുകൾ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്ന ശിപാർശകൾ പരിശോധിച്ച് അർഹതപ്പെട്ട ദേവസ്വം ബോർഡുകൾക്ക് വിഭജിച്ച് നൽകുകയാണ് ചെയ്യുന്നത്.<br><br>ടി പദ്ധതിയിലുൾപ്പെടുത്തി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തിരുവനന്തപുരം, മാവേലിക്കര, കോട്ടയം എന്നീ ഡിവിഷനുകളിൽപ്പെട്ട 13 ദേവസ്വങ്ങളിലെ ക്ഷേത്രക്കുളങ്ങളുടെ നവീകരണത്തിനായി 5,12,16,000/- രൂപയുടെ പ്രൊപ്പോസൽ 2020-21 സാമ്പത്തിക വർഷം തിരുവിതാംകൂർ ദേവസ്വം ബോർഡ് ലഭ്യമാക്കിയിരുന്നു. സംസ്ഥാനത്തിന്റെ അന്നത്തെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത ശിപാർശ പരിഗണിക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ